"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - കൊല്ലം ജില്ലാ ലൈവ് സ്റ്റോക്ക് & ഹോർട്ടിക്കൾച്ചറൽ പ്രൊഡ്യൂസേഴ്സ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ലിമി. നം. ക്യു. 1675 ന് എൻ.സി.ഡി.സി. ധനസഹായം അനുവദിക്കുന്നതിന് ഭരണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**326/2025/Co-Op** തീയതി,തിരുവനന്തപുരം, **10-07-2025**

---

പരാമർശം:-

1. എൻ.സി.ഡി.സി. ഡയറക്ടറുടെ **02/11/2023** ലെ എൻ സി ഡി സി **2-7-2022**/പി ഡി എൽ എസ്/**467**/എസ് ബി **30408** നം. കത്ത്
2. സഹകരണ സംഘം രജിസ്ട്രാറുടെ **21/05/2024** ലെ പി& എം എ **(3) 9394/22** നം. കത്ത്
3. സ.ഉ.(സാധാ)നം.**379/2024**/സഹ തീയതി **31/07/2024**
4. സ.ഉ.(സാധാ)നം.**422/2024**/സഹ തീയതി **23/08/2024**
5. സഹകരണസംഘം രജിസ്ട്രാറുടെ **10/05/2025** ലെ പി &എം എ **(3)12289/24** നം. കത്ത്
6. ഇ.അനുമതി നമ്പർ **AS/COP/25/43717 (share), AS/COP/25/43718 (Loan), AS/COP/25/43719(Subsidy)**

**ഉത്തരവ്**

കൊല്ലം ജില്ലാ ലൈവ് സ്റ്റോക്ക് & ഹോർട്ടിക്കൾച്ചറൽ പ്രൊഡ്യൂസേഴ്സ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ലിമി. നം. ക്യു. **1675** ന് കാർഷിക സംസ്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി, ഇന്റഗ്രേറ്റഡ് ഡയറി &

ലൈവ് സ്റ്റോക്ക് ഫാമിനുള്ള എൻ.സി.ഡി.സി. ധനസഹായമായി 402.325 ലക്ഷം രൂപ (ഓഹരി - 134.109 ലക്ഷം രൂപ വായ്പ - 223.513 ലക്ഷം രൂപ, സബ്സിഡി - 44.703 ലക്ഷം രൂപ) അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം എൻ.സി.ഡി.സി. യുടെ അനുമതി ലഭിച്ചിരുന്നു. അപ്രകാരം അനുമതി ലഭിച്ച ധനസഹായത്തിന്റെ ഒന്നാം ഗഡുവായി ചുവടെ പറയും പ്രകാരം 171.7565 ലക്ഷം രൂപ 2024-25 സാമ്പത്തികവർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

| ഇനം | ശീർഷകം | തുക (ലക്ഷത്തിൽ) |
|---|---|---|
| ഓഹരി | 4425-108-89-34-3 | 45.00 |
| വായ്പ | 6425-108-19 | 111.7565 |
| സബ്സിഡി | 2425-107-74-34-3 | 15.00 |
| ആകെ | | 171.7565 |

എന്നാൽ ഫണ്ടിന്റെ അപര്യാപ്തത കാരണം ടി തുക 2024-25 സാമ്പത്തികവർഷത്തിൽ പിൻവലിച്ച് നൽകുവാൻ സാധിച്ചിരുന്നില്ല. പ്രസ്തുത ധനസഹായം 2025-26 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (5) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലാ ലൈവ് സ്റ്റോക്ക് & ഹോർട്ടിക്കൾച്ചറൽ പ്രൊഡ്യൂസേഴ്സ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ലിമിനം ക്യു. 1675ന് കാർഷിക സംസ്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി, ഇന്റഗ്രേറ്റഡ് ഡയറി & ലൈവ് സ്റ്റോക്ക് ഫാമിനുള്ള എൻ.സി.ഡി.സി. ധനസഹായത്തിന്റെ ആദ്യഗഡുവായി 171.7565 ലക്ഷം രൂപ ചുവടെ പറയും പ്രകാരം 2025-26 സാമ്പത്തികവർഷത്തിൽ അനുവദിയ്ക്കുന്നതിന് പരാമർശം 3 ലെ ഭരണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:

| ക്രമ നമ്പർ | ശീർഷകം | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 4425-108-89-34-3 ഓഹരി | 45.00 |
| 2 | 6425-108-19വായ്പ | 111.7565 |
| 3 | 2425-107-74-34-3 സബ്സിഡി | 15.00 |
| | ആകെ | 171.7565 |

3. പ്രോജക്ട് നടപ്പിലാക്കൽ, തുക തിരിച്ചടയ്ക്കൽ എന്നിവ സംബന്ധിച്ച എൻ.സി.ഡി.സി. യുടെ മാർഗനിർദ്ദേശങ്ങൾ സഹകരണ സംഘം രജിസ്ട്രാർ കർശനമായി പാലിക്കേണ്ടതും ടി മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സംഘത്തിന് നൽകേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

സെക്രട്ടറി, കൊല്ലം ജില്ലാ സഹകരണ ആശുപത്രി ലിമി. നം. ക്യു 952,
പാലത്തറ, കൊല്ലം (സഹകരണ സംഘം രജിസ്ട്രാർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,
തിരുവനന്തപുരം.

ധനകാര്യ അഗ്രി (സി) വകുപ്പ് (അഗ്രി സി1-298/2022/ധന)

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, കരുതൽ ഫയൽ (ബി3/83/2025/സഹ)

ഉത്തരവിൻ പ്രകാരം,

Signed by
Priyanka T V
Date: 10-07-2025 14:21:23
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.

സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എ.